**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 173** **27-06-2022 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 12 കോടിയുടെ നിർമ്മാണ പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ; | (എ) | പെരിങ്ങോം താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് നബാർഡ് ധന സഹായത്തോടെ 12 കോടി രൂപ അനു വദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തിയാണ് ഡിസൈൻ അംഗീക രിച്ചത്. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിയ്ക്കായി സമർപ്പിച്ച പ്പോൾ എസ്റ്റിമേറ്റ് പ്രകാരം 1719.34 ചതുരശ്ര മീറ്റർ ഏരിയ മാത്രമേ പൂർത്തീകരിക്കുവാൻ സാധ്യമാവുകയുള്ളൂ എന്നതിനാൽ പൈൽ ഫൗണ്ടേഷൻ ഒഴിവാക്കി റാഫ്റ്റ് ഫൗണ്ടേഷൻ രീതി സ്വീകരിച്ച് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കാമെന്നും ലഭ്യമാകുന്ന തുക ഉപയോഗിച്ച് പരമാവധി സൗകര്യപ്രദമായ കെട്ടിടം ആശുപത്രിക്കായി നിർമ്മിക്കാമെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡിസൈൻ ലഭ്യമാക്കി 2833ചതുരശ്ര മീറ്റർ വിസ്തൃതി യുള്ള സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കു ന്നതിനുള്ള എസ്റ്റിമേറ്റ് PWD തയ്യാറാക്കി സാങ്കേതിക അനുമതിക്കായി ചീഫ് എഞ്ചി നീയർക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>സാങ്കേതിക അനുമതി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുന്ന താണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പെരിങ്ങോം താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് നബാർഡ് ധന സഹായത്തോടെ 12 കോടി രൂപ അനു വദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തിയാണ് ഡിസൈൻ അംഗീക രിച്ചത്. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിയ്ക്കായി സമർപ്പിച്ച പ്പോൾ എസ്റ്റിമേറ്റ് പ്രകാരം 1719.34 ചതുരശ്ര മീറ്റർ ഏരിയ മാത്രമേ പൂർത്തീകരിക്കുവാൻ സാധ്യമാവുകയുള്ളൂ |

| | | | |
|---|---|---|---|
| | | | എന്നതിനാൽ പൈൽ ഫൗണ്ടേഷൻ ഒഴിവാക്കി റാഫ്റ്റ് ഫൗണ്ടേഷൻ രീതി സ്വീകരിച്ച് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കാമെന്നും ലഭ്യമാകുന്ന തുക ഉപയോഗിച്ച് പരമാവധി സൗകര്യപ്രദമായ കെട്ടിടം ആശുപത്രിക്കായി നിർമ്മിക്കാമെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡിസൈൻ ലഭ്യമാക്കി 2833ചതുരശ്ര മീറ്റർ വിസ്തൃതി യുള്ള സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കു ന്നതിനുള്ള എസ്റ്റിമേറ്റ് PWD തയ്യാറാക്കി സാങ്കേതിക അനുമതിക്കായി ചീഫ് എഞ്ചി നീയർക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>സാങ്കേതിക അനുമതി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുന്ന താണ്. |

സെക്ഷൻ ഓഫീസർ